**പതിനൊന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**2003 ജൂലൈ 23-ാം തീയതി ബുധനാഴ്ച**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -19)

668)ആദിവാസികൾക്ക് നൽകാൻ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ
669)വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന നടപടി
670)വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി
671)നഗരങ്ങളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി
672)മലബാർ മേഖലയിലെ ടൂറിസം പരിപോഷിപ്പിക്കുവാൻ നടപടി
673)പേൾ കൃഷി
674)വൈദ്യുതി രംഗത്ത് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പരിഷ്കാര നടപടികൾ
675)ജലവിഭവ രംഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭരണ നവീകരണ പരിപാടികൾ
676)ജോലിക്കു കൂലി ഭക്ഷണം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം
677)പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് കൈവരിക്കേ നേട്ടങ്ങൾ
678)ഗിരിജനങ്ങൾക്കുള്ള പരിരക്ഷകൾ
679)ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി
680)പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ട വൈദ്യുതോല്പാദനം
681)കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച ഗ്രാമീണ ശുദ്ധജല പദ്ധതി
682)ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003
683)ആദിവാസി പുനരധിവാസമിഷൻ
684)വിനോദ സഞ്ചാര വികസനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ
685)ഭൂമി വാങ്ങാനും വീട് വെയ്ക്കാനും ഉള്ള പ്രത്യേക ഘടകപദ്ധതിയുടെ നടപടിക്രമങ്ങൾ
686)ഓപ്പറേഷൻ ശക്തി എന്ന പേരിൽ നടത്തിയ മിന്നൽപരിശോധന

**ആദിവാസികൾക്ക് നൽകാൻ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ**

*668. ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസംഘവുമായി ആദിവാസികൾക്ക് നൽകാൻ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള വ്യവസ്ഥകൾ ചർച്ച നടത്തിയപ്പോൾ എന്തെല്ലാം സംഗതികൾ ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ധാരണയുടെ അടിസ്ഥാനത്തിൽ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്രഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള എന്തെല്ലാം നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ഏക്കർ വനഭൂമി ഏതെല്ലാം സ്ഥലങ്ങളിൽ വിട്ടുകിട്ടുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇന്നത്തെ നിലയിൽ ഭൂരഹിത ആദിവാസികൾക്ക് സർക്കാർ വാഗ്ദാനമനുസരിച്ചുള്ള ഭൂമി എന്നത്തേക്ക് പൂർണ്ണമായും നൽകുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ ( പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി):**

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽപ്പെടുന്ന സ്ഥലങ്ങൾ കേന്ദ്രസംഘം പരിശോധിച്ചപ്പോൾ ചില പ്രദേശങ്ങൾ പരിസ്ഥിതി പ്രാധാന്യമുള്ള നിബിഡവനമുള്ളതായി കാണുക.യും, ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള വനപ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ടും നിബിഡവനമല്ലാത്തതും മനുഷ്യവാസ പ്രദേശങ്ങളോടു ചേർന്നു കിടക്കുന്നതുമായ ചില വനപ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും പുതുക്കിയ അപേക്ഷ നൽകാൻ ധാരണയായിട്ടുണ്ട്.

(ബി) ഇത്തരം ആവശ്യങ്ങൾക്ക് ഇനിമേലിൽ വനഭൂമിയോ/നിക്ഷിപ്ത വനഭൂമിയോ സർക്കാർ ആവശ്യപ്പെടരുതെന്നും, പ്രൊപ്പോസൽ അംഗീകരിച്ചാൽ പാരിസ്ഥിതികമായി ദുർബല വനപ്രദേശമായി വനംവകുപ്പിന്റെ കീഴിൽ ലഭ്യമായിട്ടുള്ള ഉദ്ദേശം 11000 ഹെക്ടർ സ്ഥലത്ത് 10 വർഷത്തിനകം ബദൽ വനവൽക്കരണം നടത്തി പ്രസ്തുത പ്രദേശങ്ങളുടെ വനസാന്ദ്രത 0.4 നു മുകളിൽ എത്തിക്കുക, ബാക്കിവരുന്ന വനഭൂമിയുടെ ഇരട്ടി വിസ്തീർണ്ണമുള്ള പ്രക്ഷീണ വനപ്രദേശത്ത് ബദൽ വനവൽക്കരണം നടത്തുക, കൈമാറ്റം ചെയ്യപ്പെടുന്ന നിക്ഷിപ്ത വനഭൂമിയിൽ 30 ഡിഗ്രിയിലധികം ചെരിവു വരുന്ന സ്ഥലങ്ങളിൽ വൃക്ഷവിളകൾ മാത്രം വച്ചുപിടിപ്പിക്കുക എന്നീ വ്യവസ്ഥകൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടതുണ്ട്. എത്ര ഏക്കർ വനഭൂമി ഏതെല്ലാം സ്ഥലങ്ങളിൽ വിട്ടുകിട്ടുമെന്ന് അറിവായിട്ടില്ല.

ഇതുകൂടാതെ സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിനു നൽകിയിരിക്കുന്ന വനഭൂമിയുടെ വിശദാംശങ്ങൾ, സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന വിവരങ്ങളും കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. പുനരധിവസിക്കപ്പെട്ട ആദിവാസികൾക്ക് വനസംരക്ഷണവുമായി ബന്ധപ്പെട്ട് എന്തു കടമകൾ നിർവ്വഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പക്കലുള്ള ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രോജക്ട് വക ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. ആറളം ഫാമിന്റെ വകയായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് കഴിയുന്നത്ര വേഗം ഭൂമി വിതരണം ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ വാഗ്ദാനം അനുസരിച്ചുള്ള ഭൂമി ആദിവാസികൾക്ക് എന്നത്തേക്ക് പൂർണ്ണമായും നൽകുവാൻ സാധിക്കുമെന്ന് പറയുവാൻ നിർവ്വാഹമില്ല.

## വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്ന നടപടി

*669. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് കൊടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുകൊണ്ട് പ്രസരണ നഷ്ടം കാര്യമായി ഒഴിവാക്കുവാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(സി) ഇപ്പോൾ വൈദ്യുതി വിതരണത്തിന് എത്ര ലൈസൻസികളുണ്ട് എന്നും അവർ വിതരണം നടത്തുന്നിടത്ത് വൈദ്യുതിനഷ്ടം എത്രയാണ് എന്നും വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ ( വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി വിതരണ രംഗത്ത് അഞ്ച് ലൈസൻസികളാണുള്ളത്.

1. റ്റാറ്റാ റ്റീ ലിമിറ്റഡ്, മൂന്നാർ
2. കൊച്ചിൻ ഷിപ്പ്യാർഡ്
3. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
4. തൃശൂർ കോർപ്പറേഷൻ
5. ടെക്നോ പാർക്ക്, തിരുവനന്തപുരം

ഇവകൂടാതെ കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ, കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് കാക്കനാട്, റബ്ബർ പാർക്ക് ഇരിംപനം എന്നിവർക്കും അടുത്തകാലത്ത് ലൈസൻസ് നൽകിയിട്ടുണ്ട്.

ലൈസൻസികളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് അവർ വിതരണം നടത്തുന്നിടത്ത് വൈദ്യുതി നഷ്ടെ താഴെപ്പറയും പ്രകാരമാണ്.

1. റ്റാറ്റാ റ്റീ ലിമിറ്റഡ്, മൂന്നാർ - 20.77%
2. തൃശൂർ കോർപ്പറേഷൻ - 32.79%
3. ടെക്നോ പാർക്ക്, തിരുവനന്തപുരം-8%

ടെക്നോ പാർക്ക് വൈദ്യുതിവിതരണം നടത്തുന്നത്, ടി പാർക്കിന്റെ ചെറിയ വിസ്തൃതിക്കുള്ളിൽ ഉള്ള വ്യാവസായിക യൂണിറ്റുകൾ മാത്രമാണ്.

പ്രത്യേക മീറ്റർ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ കൊച്ചിൻ ഷിപ്പ്യാർഡിലേയും കൊച്ചിൻ പോർട്ട് ട്രസ്റ്റിലേയും വൈദ്യുതിനഷ്ടം കണക്കാക്കപ്പെട്ടിട്ടില്ല.

## വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി

*670. ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :

ശ്രീ. ഡി. സുഗതൻ :
ശ്രീ. എൻ.ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിച്ചില്ലെങ്കിലും ആ ഉത്തുവാദിത്വം സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് മാറ്റി മറ്റൊരു പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അപ്രകാരം ചെയ്യുന്നതുകൊണ്ട് പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിയുമോ ;

(സി) ആന്ധ്രാപ്രദേശിൽ സെൻട്രൽ പവർ ഡിസ്ട്രിബ്യൂഷൻ കമ്പനിയെന്ന പൊതുമേഖലാ സ്ഥാപനം വൈദ്യുതി വിതരണം ഏറ്റെടുത്ത് രണ്ടു വർഷത്തിനുള്ളിൽ പ്രസരണ നഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അന്വേഷിക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)** :

1. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്നതോടുകൂടി 1910-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ്, 1948-ലെ ഇലക്ട്രിസിറ്റി സപ്ളൈ ആക്റ്റും നിലവിലില്ലാതായി. പഴയ ആക്ടുകൾ റിപ്പീൽ ചെയ്തെങ്കിലും വൈദ്യുതി ബോർഡ് ഒരു വർഷത്തേക്ക് , സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റി ആയും, ലൈസൻസിയായും തുടരുമെന്ന് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 172-ാം വകുപ്പ് അനുശാസിക്കുന്നു. 2003-ലെ ആക്ട് 131-ാം വകുപ്പുപ്രകാരം ബോർഡിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും സർക്കാരിൽ നിക്ഷിപ്തമാകുന്നതും ആയത് ആക്ട് അനുസരിച്ച് രൂപീകൃതമാകുന്ന കമ്പനിക്കോ കമ്പനികൾക്കോ സർക്കാർ വീതിച്ചു നൽകേണ്ടതുമാണ്. പൊതുമേഖലയിൽ കമ്പനി രൂപീകരിച്ച് ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ കൈമാറുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വൈദ്യുതി വിതരണം മറ്റൊരു പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കുന്നതുകൊണ്ടു മാത്രം പ്രസരണനഷ്ടം കുറയ്ക്കുവാൻ സാധിക്കുകയില്ല.

(സി) അന്വേഷിക്കാം.

**<u>നഗരങ്ങളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി</u>**

*671. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ പ്രതിദിനം ആവശ്യമായ ശുദ്ധജലത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) നഗരങ്ങളിൽ ആവശ്യമായ അളവിൽ ശുദ്ധജലം ഇപ്പോൾ വിതരണം നടത്തുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആവശ്യത്തിനനുസൃതമായി ജലവിതരണം നടത്തി ജലദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ടിഎം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)** :

(എ) ഉണ്ട്.

(ബി) 1281.95 എം.എൽ.ഡി.

(സി) നഗരങ്ങളിൽ ആവശ്യമുള്ള അളവിൽ ശുദ്ധജലവിതരണം നടത്താൻ സാധിച്ചിട്ടില്ല.

(ഡി) വിവിധ ഏജൻസികളുടെ ധനസഹായത്തോടെ നിലവിലുള്ള ജലവിതരണ പദ്ധതികൾ വിപുലീകരിച്ചും ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളും മെയിന്റനൻസ് ജോലികളും നടത്തിയും ഉറവിട സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചും പുതിയ ജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയും ധനലഭ്യതയ്ക്ക് വിധേയമായി ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>മലബാർ മേഖലയിലെ ടൂറിസം പരിപോഷിപ്പിക്കുവാൻ നടപടി</u>**

*672. ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:

ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരിപോഷിപ്പിക്കുവാനും ഉപയോഗപ്പെടുത്തുവാനും ഇതിനകം എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മലബാറിന്റെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും മലബാർ ടൂറിസം വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ ;

(സി) ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മലബാറിലെ പിന്നോക്ക ജില്ലകളെ കേന്ദ്രീകരിച്ച് ടൂറിസം മേളയും, സാംസ്ക്കാരിക പരിപാടികളും സംഘടിപ്പിക്കുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി) :**

(എ) കേരളത്തിലെ ഇതര മേഖലയ്ക്കെന്നപോലെ മലബാർ മേഖലയ്ക്കും അർഹമായ പ്രാധാന്യവും, അംഗീകാരവും നേടിയെടുക്കുന്നതിനായി സർക്കാർ നിരവധി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മിസ്റ്റിക്സ് ഓഫ് മലബാർ എന്ന പേരിൽ 2003-ആഗസ്റ്റ് 14,15,16 എന്നീ തീയതികളിൽ കോഴിക്കോട് വച്ച് നടത്തുവാൻ പോകുന്ന ട്രാവൽമാർട്ട് ഈ ലക്ഷ്യത്തിലേക്കുള്ള വലിയൊരു കാൽവയ്പാണ്. ഈ മേഖലയിൽ ഇതിനകം ആരംഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) കെ.ടി.ഡി.സി.യുടെ പ്രവർത്തന മേഖലയിൽ മലബാർ മേഖല ഉൾപ്പെടുന്നതുകൊണ്ട് പ്രത്യേകം ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(സി) &(ഡി) ഉണ്ട്. മിസ്റ്റിക്സ് ഓഫ് മലബാർ 2003 എന്ന പരിപാടി പ്രധാനമായും ഈ ലക്ഷ്യം മുൻനിറുത്തിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

## പേൾ കൃഷി

*673. ശ്രീ. കെ. ബാബു :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം പേൾ കൃഷി നടക്കുന്നുണ്ട് ;

(ബി) ഇത് വ്യാവസായികാടിസ്ഥാനത്തിൽ നടത്തുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട് ;

(സി) മത്സ്യബന്ധനവകുപ്പ് വിഴിഞ്ഞത്ത് നടത്തിവന്നിരുന്ന പേൾ കൃഷി നിർത്തിവച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഇ) സെൻട്രൽ മറൈൻ ഫിഷിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച മാബേപേൾ കൃഷിയിൽ വ്യാപകമായ തോതിൽ പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :**

(എ) ഫിഷറീസ് വകുപ്പ് ഇപ്പോൾ പേൾകൃഷി നടത്തുന്നില്ല.

(ബി) ബാധകമല്ല.

(സി) നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് വിഴിഞ്ഞത്തു നടത്തിവന്നിരുന്ന പേൾ കൾച്ചർ പ്രോജക്ട് ഒരു പൈലറ്റ് പ്രോജക്ട് മാത്രമായിരുന്നു. ഇത് 1984-ൽ താഴെപ്പറയുന്ന കാരണങ്ങളാൽ അവസാനിപ്പിക്കുകയുണ്ടായി.

1. പദ്ധതി ആരംഭിച്ചിട്ട് 7 വർഷങ്ങൾക്കുശേഷവും നേട്ടങ്ങൾ ഒന്നുതന്നെ ഉണ്ടായില്ല.
2. വിഴിഞ്ഞം ഹാർബർ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതോടുകൂടി മുത്തുചിപ്പി കൃഷി വിഴിഞ്ഞം കടലിൽ തുടരുവാൻ കഴിയാതെ വരും.
3. നേട്ടങ്ങൾ ഉണ്ടാകാത്ത പദ്ധതിക്കായി സർക്കാരിന്റെ ഫണ്ട് അനാവശ്യമായി ചെലവിടേണ്ടി വരുന്നു.
4. വിഴിഞ്ഞം പേൾകൃഷി വ്യാവസായികമായി ലാഭകരമല്ലായെന്നു കാണുന്നു.

(ഇ) ഇല്ല.

## വൈദ്യുതി രംഗത്ത് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പരിഷ്കാര നടപടികൾ

*674. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സാജു പോൾ :
ശ്രീ. ടി.പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി രംഗത്ത് പ്രാബല്യത്തിൽ വരുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട പരിഷ്ക്കാരങ്ങളും അവ ഉളവാക്കുന്ന പ്രത്യാഘാതങ്ങളും സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച കേന്ദ്രനിർദ്ദേശങ്ങളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വിശദമാക്കാമോ ;

(സി) കേന്ദ്ര നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട് വ്യാവസായിക കാർഷിക വികസനത്തിന് പ്രാധാന്യം നൽകി ചുരുങ്ങിയ സമയത്തിനകം എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുതകുന്ന നയം നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി)** :

(എ) വിലയിരുത്തിയിട്ടുണ്ട്. എന്നാൽ വിശദമായ പഠനം ആവശ്യമാണ്.

(ബി) വൈദ്യുതി മേഖലയുടെ സമഗ്ര പരിഷ്ക്കാരത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും തമ്മിൽ 20-8-2001-ൽ ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ പാർലമെന്റ് അംഗീകരിച്ചതും 10-6-2003-ൽ നിലവിൽ വന്നതുമായ 'ഇലക്ട്രിസിറ്റി ആക്ട്-2003'-ലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്.

, (സി) സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കും കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ എടുക്കുന്നതാണ്.

## ജലവിഭവ രംഗത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭരണ നവീകരണ പരിപാടികൾ

675. ശ്രീ. പി.സി ജോർജ്
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ രാജു എബ്രഹാം
ഡോ. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ജലവിഭവ രംഗത്ത് എ.ഡി.ബി. വായ്പയുടെ ഭാഗമായി നടപ്പാക്കുന്ന ഭരണ നവീകരണ പരിപാടികൾ എന്തെല്ലാമാണ്;

(ബി) ജലവിതരണ പദ്ധതികളിൽ നിന്ന് ഗാർഹികാവശ്യത്തിന് എടുക്കുന്ന വെള്ളത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ;

(സി) ജലത്തിന് വില വർദ്ധനയും അതിന്റെ ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഉണ്ടാക്കാനിടയുള്ള ഈ ഭരണ നവീകരണ പരിപാടിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാരിനധികാരമുണ്ടോ; എങ്കിൽ പ്രസ്തുത അധികാരം വിനിയോഗിക്കാൻ തയ്യാറാകുമോ?

**ഉത്തരം**
**ശ്രീ.ടി.എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഇക്കാര്യത്തിൽ അന്തിമതീരുമാനം ആയിട്ടില്ല.

(ബി) ഇല്ല.

(സി) പരിഗണനയിലുള്ള കരടു ഭരണ നവീകരണ പരിപാടിയിൽ നാഷണൽ വാട്ടർ പോളിസി പ്രകാരം ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലത്തിന് വില വർദ്ധനയും ഉപയോഗത്തിന് കടുത്ത നിയന്ത്രണവും ഏർപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും ഇതിൽ ഇല്ല. മാത്രമല്ല ഇതു സംബന്ധിച്ച് അന്തിമതീരുമാനമായിട്ടുമില്ല.

## ജോലിക്കു കൂലി ഭക്ഷണം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം

676. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ
ശ്രീ കെ.പി. സതീശ്ചന്ദ്രൻ
ശ്രീ എ.കെ. ബാലൻ

ശ്രീ ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസികൾക്ക് ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൻ കീഴിൽ അനുവദിച്ച അരി എഫ്.സി.ഐ. ഗൊഡൗണുകളിൽ നിന്നുതന്നെ സ്വകാര്യമില്ലുകൾക്ക് മറിച്ച് വിറ്റതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന പദ്ധതിപ്രകാരം ആദിവാസികൾക്ക് ഈ വർഷം എത്ര ടൺ അരി അലോട്ടുചെയ്യുകയുണ്ടായിയെന്ന് പറയാമോ;

(സി) ആദിവാസി മേഖലയിലെ ജോലിക്ക് കൂലി ഭക്ഷണം പരിപാടിയുടെ ഭാഗമായുള്ള അരി ആദിവാസികൾക്കുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ വ്യക്തികൾക്ക് മറിച്ച് വിറ്റതുമൂലം ആദിവാസികൾക്ക് നഷ്ടപ്പെട്ട അരി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എത്ര ആദിവാസി ഊരുകളിൽ ഈ വർഷം ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ഡോ.എംഎ. കുട്ടപ്പൻ (പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) ഇതു സംബന്ധിച്ച പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പുവഴിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പട്ടികവർഗ്ഗക്കാർക്കുമാത്രമായി ഈ പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗക്കാർക്കുകൂടി പ്രയോജനപ്രദമായ നിലയിലാണ് പദ്ധതിയുടെ നടത്തിപ്പ്.

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ആദിവാസികൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ കൈക്കൊള്ളുവാൻ ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് ഈ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഇ) ഈ വർഷം ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരം 2421 ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

## പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് കൈവരിക്കേണ്ട നേട്ടങ്ങൾ

677. ശ്രീ. വി. ജെ. പൗലോസ്
ശ്രീ വർക്കല കഹാർ
ശ്രീ ടി.യു. രാധാകൃഷ്ണൻ
ശ്രീ കെ. അച്ചുതൻ
ശ്രീ എം.കെ. പോൾസൺ മാസ്റ്റർ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പത്താം പദ്ധതിയിൽ വൈദ്യുതി രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇതിനുവേണ്ടി എന്തു മുതൽമുടക്ക് വേണ്ടിവരും എന്ന് വ്യക്തമാക്കുമോ;

(സി) പത്താം പദ്ധതിയുടെ ആദ്യവർഷം വൈദ്യുത രംഗത്ത് എന്തു തുക ചെലവിടാനും എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞു;

(ഡി) ഇത് പ്രതീക്ഷിച്ച ചെലവിന്റെയും നേട്ടത്തിന്റെയും എത്ര ശതമാനം വരും എന്നറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പുമന്ത്രി)**

(എ) പത്താം പദ്ധതിയിൽ വൈദ്യുതി രംഗത്ത് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. 440.35 മെഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുക
2. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുക.
3. പതിനാറ് 220 കെ.വി. ഇരുപത്തിയാറ് 66 കെ.വി. , നൂറ്റി ഇരുപത്തമൂന്ന് 110 കെ.വി, നൂറ്റിപ്പതിനെട്ട് 33 കെ.വി, സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും പൂർത്തിയാക്കുക
4. 9500 കിലോമീറ്റർ 11 കെ.വി. ലൈനുകളും 27500 കിലോമീറ്റർ എൽ.റ്റി. ലൈനുകളും വലിക്കുക
5. 1000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.
6. 20 ലക്ഷം സർവീസ് കണക്ഷനുകൾ നൽകുക
7. പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികളായ പെരിങ്ങൽക്കുത്ത്, നേരിയമംഗലം, ശബരിഗിരി, ഷോളയാർ, ചെങ്കുളം, പന്നിയാർ, പള്ളിവാസൽ എന്നിവ നവീകരിക്കുക.

8. എ.പി.ഡി.ആർ.പി പദ്ധതികൾ തെരെഞ്ഞെടുത്ത സർക്കിളുകളിലും പട്ടണങ്ങളിലും നടപ്പിലാക്കുക.

(ബി) പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾക്കായി 3425 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടിവരും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പത്താം പദ്ധതിയുടെ ആദ്യവർഷം വൈദ്യുത രംഗത്ത് 475.30 കോടി രൂപ ചെലവിട്ടു. ഉല്പാദന പ്രസരണ വിതരണ മേഖലകളിൽ കൈവരിച്ച നേട്ടങ്ങള ചുവടെ ചേർക്കുന്നു.

1. ഉല്പാദന മേഖല

1. വഴിക്കടവ് ഡൈവേർഷൻ-24 ക.യു
2. നവീകരണവും പുനരുദ്ധാരണവും

പളളിവാസൽ-37.5 എം.ഡബ്ള്യു
ചെങ്കുളം-48 എം.ഡബ്ള്യു
പന്നിയാർ-30 എം.ഡബ്ള്യു

2.പ്രസരണ മേഖല

സബ്സ്റ്റേഷനുകൾ

1. 110 കെ.വി. 7 എണ്ണം
2. 33 കെ.വി - 7 എണ്ണം

ലൈനുകൾ

1. 110 കെ.വി. 36.4. സർക്യൂട്ട് കിലോമീറ്റർ
2. 66 കെ.വി. 44.4 സർക്യൂട്ട് കിലോമീറ്റർ
3. 33 കെ.വി- 115.75 സർക്യൂട്ട് കിലോമീറ്റർ

3.വിതരണ മേഖല

1. സർവീസ് കണക്ഷനുകൾ-3,55,524 എണ്ണം
2. 11 കെ.വി. ലൈൻ-608.923 കിലോമീറ്റർ
3. എൽ.റ്റി. ലൈൻ - 3478.41 കിലോമീറ്റർ
4. ട്രാൻസ്ഫോമർ- 835 എണ്ണം
5. സ്ട്രീറ്റ് ലൈറ്റുകൾ 27,968 എണ്ണം

(ഡി) ഇത് പ്രതീക്ഷിച്ച ചെലവിന്റെ 80.70 ശതമാനവും നേട്ടങ്ങളുടെ 80 ശതമാനവും വരും

## ഗിരിജനങ്ങൾക്കുളള പരിരക്ഷകൾ

678. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ അടൂർ പ്രകാശ്
ശ്രീ ലൂഡി ലൂയിസ്
ശ്രീ എ.കെ. മണി
ശ്രീ ടി.എച്ച്. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മഴക്കാലത്ത് വനപ്രദേശങ്ങളിൽ അധവസിക്കുന്ന ഗിരിജനങ്ങൾക്ക് എന്തെല്ലാം വിധത്തിലുളള പരിരക്ഷകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ബഡ്ജറ്റില തുക പ്രത്യേകമായി അനുവദിക്കാറുണ്ടോ;

(സി) മഴക്കാലത്ത് ഗിരിജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അവർക്ക് ഭക്ഷണം, വൈദ്യശുശ്രൂഷ, വസ്ത്രം എന്നിവയ്ക്കുവേണ്ടി ബഡ്ജറ്റില തുക വകകൊളളിക്കുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം**

**ഡോ.എംഎ. കുട്ടപ്പൻ (പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി)**

(എ) മഴക്കാലത്ത് പട്ടികവർഗ്ഗക്കാർക്കിടയിൽ ഉണ്ടാകുന്ന തൊഴിലില്ലായമയും പട്ടിണിയും ഒഴിവാക്കുക എന്ന ഉദ്ദേശത്തോടുകൂടി ഫുഡസപ്പോർട്ട് പ്രോഗ്രാം, ഗ്രെയ്ൻ ബാങ്ക് സ്കീം ഫുഡ് ഫോർ വർക്ക് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത അവസരങ്ങളിൽ പട്ടിക വർഗ്ഗക്കാർക്കിടയിൽ പട്ടിണി ഇല്ലാതാക്കൽ സൗജന്യറേഷൻ

അനുവദിച്ചുനൽകാറുണ്ട്. നിലവിലുള്ള ആയുർവേദ അലോപ്പതി ചികിത്സാ സംവിധാനങ്ങൾക്കുപുറമേ മഴക്കാലത്ത് പ്രത്യേകമായി മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട് മഴക്കാലങ്ങളിൽ പകർച്ച വ്യാധികൾ ഉണ്ടാവാതിരിക്കാൻ മൊബൈൽ ക്ളിനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്തി അതോടൊപ്പം പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്

(സി) ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി

679. ശ്രീ. തമ്പാനൂർ രവി ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മഴക്കാലത്ത് വനപ്രദേശങ്ങളിൽ അധിവസിക്കുന്ന ഗിരിജനങ്ങൾക്ക് എന്തെല്ലാം വിധത്തിലുള്ള പരിരക്ഷകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ബഡ്ജറ്റില തുക പ്രത്യേകമായി അനുവദിക്കാറുണ്ടോ;

(സി) മഴക്കാലത്ത് ഗിരിജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അവർക്ക് ഭക്ഷണം,വൈദ്യശുശ്രൂഷ, വസ്ത്രം എന്നിവയ്ക്കുവേണ്ടി ബഡ്ജറ്റിൽ തുക വകകൊളളിക്കുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) രോഗബാധയാൽ ചെമ്മീൻ കുഞ്ഞുങ്ങൾ നശിച്ചുപോകുന്നതായി കർഷകരിൽ നിന്നും ലഭിച്ച പരാതികളെ തുടർന്ന് അഡാക്കിനെ നൊഡൽ ഏജൻസിയാക്കിക്കൊണ്ട് സി.എം.എഫ്.ആർ.ഐ, എം.പി.ഇ.ഡി.എ. മത്സ്യഫെഡ് തുടങ്ങിയവയുടെ ഉന്നത ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു ഹൈപവർ കമ്മിറ്റിയുടെ താഴെപ്പറയുന്ന ശുപാർശകൾ സർക്കാർ തലത്തിൽ നടപ്പാക്കിവരുന്നു.

1. മത്സ്യഫെഡിൽ നിന്ന് കൊഞ്ചിന്റെ കുഞ്ഞുങ്ങളെ വാങ്ങിയ കർഷകർക്ക് സബ്സിഡി നിരക്കിൽ കുഞ്ഞുങ്ങളെ നൽകും. കർഷകർ അതിനായി പേരുവിവരങ്ങൾ അഡാക്കിനെ അറിയിക്കേണ്ടതാണ്.
2. ഗ്രൂപ്പ് ഇനഷുറൻസ് കൊണ്ടുവരുന്ന കാര്യം പരിഗണിക്കും.
3. ഗ്രൂപ്പ ഫാമിംഗ് നടപ്പിലാക്കാൽ പ്രോത്സാഹിപ്പിക്കും.
4. പ്രോൺ ഫാമിംഗ് കാലാവധി നീട്ടുന്നതിനേക്കുറിച്ച് ആലോചിക്കും
5. കൊഞ്ചിന്റെ കുണ്ഞ്ഞുങ്ങള നഷ്ടമായാൽ ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുള്ള കർഷകർക്ക് തിരിച്ചടവ് നടത്തുന്നതിനുള്ള കാലാവധി നീട്ടാൻ ലീഡ് ബാങ്കുകളോട് അപേക്ഷിക്കും
6. ജലമലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കും
7. ബോധവൽക്കരണം നടത്തി വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകും
8. ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ ഉദാരമാക്കും
9. എം.പി. ഇ.ഡി.എ. സബ്സിഡി ഉപയോഗിച്ച പി.സി. ആർ. ടെസ്റ്റിംഗ് സെന്ററുകൾ കൂടുതലായി സ്ഥാപിക്കും.

(സി) ചെമ്മീൻ കുഞ്ങളുങ്ങൾ വൈറസ് രോഗബാധ വിമുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിനായി മൂന്നു പി.സി. ആർ ലഭോറട്ടരികൾ തിരുവനന്തപുരം ജില്ലയിലെ ഓടയത്തും/ കുമ്പളങ്ങി എന്നിവിടങ്ങളിലും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(2) സർക്കാർ അംഗീകൃത ചെമ്മീൻ ഹാച്ചറികളിൽ നിന്ന് ഗുണമേൻമയുള്ള ചെമ്മീൻ കുഞ്ങുങ്ങളെ വാങ്ങി പി.സി.ആർ. ടെസ്റ്റിന് വിധേയമാക്കി ചെഴമ്മീൻ പാടങ്ങളിൽ നിക്ഷേപിക്കും

(3) അന്യസംസ്ഥാനങ്ങളിൽ നിന്നും നിരുത്തരവാദപരമായി കൊണ്ടുവരുന്ന രോഗബാധയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നേരിട്ട് ഫാമിൽ നിക്ഷേപിക്കുന്ന രീതി ഒഴിവാക്കും.

(4) ബോധവൽക്കരണ ക്ളാസുകളും സെമിനാറുകളും വർക്ക് ഷോപ്പുകളും അഡാക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

(5) ഹാച്ചറികളിൽ നിന്നും ഗുണമേൻമയുള്ള കുഞ്ഞുങ്ങളെ അവയുടെ നിറം, പ്രതികരണ ശേഷി, ചലനശേഷി എന്നിവ നിരീക്ഷിച്ച് കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തിരുവനന്തപുരം (ഓടയം) എറണാകുളം, എന്നീ ജില്ലകളിലാണ് പരിശോധനാകേന്ദ്രങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിൽ എറണാകുളത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ഒരു ലാബോറട്ടറിയ്ക്കുള്ള ഡിപ്പാർട്ടുമെന്റ് വിഹിതം 5 ലക്ഷം രൂപ ഇതിനകം അഡാക്കിന്

കൈമാറിക്കഴിഞ്ഞു. പ്രസ്തുത പി.സി.ആർ ലാബിന്റെ നിർമ്മാണം അഡാക്ക് തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത ഓടയത്തും പി.സി.ആർ ലാബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.
(എഫ്) അഡാക്കിന്റെ നേതൃത്വത്തിൽ നിലവിൽ വരുന്ന പി.സി.ആർ ലാബോറട്ടറികളിൽ ആദയ നിരക്കിൽ പരിശോധന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

## പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ട വൈദ്യുതോല്പാദനം

680.ശ്രീ. എ.കെ. മണി
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ എ. സുജനപാൽ
ശ്രീ എം.മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പത്താം പദ്ധതിക്കാലത്ത് എത്ര ജലവൈദ്യുതിയും താപവൈദ്യുതിയും അധികമായി ഉല്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;
(ബി) പത്താം പദ്ധതിയുടെ ആദ്യവർഷത്തെ ലക്ഷ്യങ്ങൾ വൈദ്യുതിയെ സംബന്ധിക്കുന്നിടത്തോളം എന്തെല്ലാമായിരുന്നു;
(സി) അതിൽ എത്രത്തോളം ലക്ഷ്യം നേടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പുമന്ത്രി)**

(എ) 440.35 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പത്താം പദ്ധതിക്കാലത്ത് പൂർത്തീകരിക്കാർ ലക്ഷ്യമിട്ടിക്ട്ടുണ്ട്. കൂടാതെ സ്വകാര്യപങ്കാളിത്തത്തോടെ ആകെ 77.5 മെഗാവാട്ട് ശേഷി റപതീക്ഷിക്കുന്ന 30 ചെറുകിട ജലവൈദയുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് നിലവിലുള്ള ആറു സ്വതന്ത്ര താപവൈദ്യുത ഉല്പാദന പദധതികളിൽ ആദ്യം പൂർത്തിയാകുന്നവയിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതിയും പ്രതീക്ഷിക്കുന്നു.
(ബി) പത്താം പദ്ധതിയുടെ ആദ്യവർഷത്തെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.
ഉല്പാദന മേഖല

1. ചെമ്പുക്കടവ്- 1 ആന്റ് 2 - 6.45 എം.ഡബ്ള്യു
2. മലങ്കര - 10.5 എം.ഡബ്ള്യു
3. ഉറുമി - 1 ആന്റ് 2 - 6.15 എം.യു
4. വഴിക്കടവ് ഡൈവേർഷൻ 24 എം.യു
5. വടക്കേപ്പുഴ ഡൈവേർഷൻ - 12 എം.യു
6. നവീകരണവും പുനരുദ്ധാരണവും

പള്ളിവാസൽ-37.5 എം.ഡബ്ള്യു
ചെങ്കുളം-48 എം.ഡബ്ള്യു
പന്നിയാർ-30 എം.ഡബ്ള്യു

<u>പ്രസരണ മേഖല</u>

<u>സബ്സ്റ്റേഷനുകൾ</u>

1. 110 കെ.വി. 7 എണ്ണം
2. 33 കെ.വി - 7 എണ്ണം

<u>ലൈനുകൾ</u>

1. 110 കെ.വി. 36.4. സർക്യൂട്ട് കിലോമീറ്റർ
2. 66 കെ.വി. 44.4 സർക്യൂട്ട് കിലോമീറ്റർ
3. 33 കെ.വി- 115.75 സർക്യൂട്ട് കിലോമീറ്റർ

<u>വിതരണ മേഖല</u>

1. സർവീസ് കണക്ഷനുകൾ-3,55,524 എണ്ണം
2. 11 കെ.വി. ലൈൻ-608.923 കിലോമീറ്റർ
3. എൽ.റ്റി. ലൈൻ - 3478.41 കിലോമീറ്റർ
4. ട്രാൻസ്ഫോമർ- 835 എണ്ണം
5. സ്ട്രീറ്റ് ലൈറ്റുകൾ 27,968 എണ്ണം

## കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച ഗ്രാമീണ ശുദ്ധജല പദ്ധതി

681. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ.വി.കുഞ്ഞിരാമൻ :
ശ്രീമതി. ഗിരിജാ സുരേന്ദ്രൻ :
ശ്രീ.വി.കെ.സി.മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാമീണ ശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പാക്കുകയുണ്ടായോ ; പ്രസ്തുത പദ്ധതി വിശദമാക്കാമോ ;

(ബി) മുൻ വർഷവും നടപ്പു വർഷവും എത്ര കോടി രൂപയുടെ സഹായം സംസ്ഥാനത്ത് ലഭിക്കുകയുണ്ടായി ;

(സി) കേരളത്തിനർഹമായ മുഴുവൻ പദ്ധതി സഹായവും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ മുൻവർഷവും ഈ വർഷവും നേടിയെടുക്കാൻ കഴിയാതെ പോയ തുക എത്രയാണെന്ന് പറയാമോ ;

(ഡി) നിശ്ചിത കാലയളവിനുള്ളിൽ സംസ്ഥാനത്ത് നിന്നും ഈ പദ്ധതി പ്രകാരമുള്ള മുഴുവൻ സഹായത്തിനും പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ടി.എം.ജേക്കബ് ( ജലവിഭവ വകുപ്പുമന്ത്രി ) :**

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്വജൽധാരാ ഗ്രാമീണ ശുദ്ധജല പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ട്. ഗ്രാമീണ ജനതക്ക് വേണ്ടി അവർ തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് സ്വജൽധാര. 90% കേന്ദ്ര സഹായമുള്ള ഈ പദ്ധതിക്ക് ഗ്രാമ /ബ്ളോക്കു പഞ്ചായത്തുകൾക്കോ സൊസൈറ്റി ആക്ടു പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി.ടി.എ.കൾക്കോ അപേക്ഷിക്കാവുന്നതാണ് . ബാക്കി 10 % തുകയിൽ 5% തുക ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും ബാക്കി 5 % പദ്ധതിക്കാവശ്യമായ ഭൂമിയായോ സന്നദ്ധ സേവനമായോ സംഭാവന ചെയ്യുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ ജില്ലയിലുള്ള ഡിസ്ട്രിക് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) മുൻവർഷം 8.63 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കേന്ദ്ര ഗവണ്മെന്റ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ലഭ്യമായിട്ടില്ല. നടപ്പു വർഷം കേന്ദ്രസഹായമായി 5.04 കോടി രൂപ ലഭിക്കുമെന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(സി) കേരളത്തിനർഹമായ മുഴുവൻ പദ്ധതി സഹായവും നേടിയെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നു. തുകയൊന്നും പാഴായിപ്പോയിട്ടില്ല.

(ഡി) പദ്ധതി പ്രകാരമുള്ള സഹായത്തിന് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന് പദ്ധതി തുക കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്നില്ല.

## ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003

682. ശ്രീ. കെ.പി.രാജേന്ദ്രൻ :
ശ്രീ. പി.എസ്.സുപാൽ :
ശ്രീ.എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) പുതിയ നിയമം നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാന വൈദ്യുതി ബോർഡ് ഇല്ലാതാകുമോ ; ബോർഡിന്റെ പ്രവർത്തനം എതു വിധത്തിലാണ് പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന് കൂടുതൽ അധികാരങ്ങൾ പുതിയ നിയമത്തിൽ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) ഉൽപാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിൽ പുതിയ നിയമം സ്വകാര്യ മേഖലയ്ക്ക് നൽകുന്ന അധികാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ജീവനക്കാരുടേയും സംസ്ഥാനത്തിന്റേയും താൽപര്യത്തിന് അനുസൃതമായി നിയമം നടപ്പിലാക്കുന്നതിന് ഉപദേശം നൽകുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിന് സർക്കാർ

തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി ) :**

(എ) ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ജൂൺ 10-ാം തിയതി കേന്ദ്ര സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ജൂൺ 10-ാം തിയതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 180-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ഈ നിയമം നടപ്പിലാക്കുന്നതിലേക്ക് വേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്.

(ബി.) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 പ്രകാരം വൈദ്യുതി ബോർഡുകൾക്ക് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും ഒരു വർഷത്തേക്ക് തുടരുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ചേർന്ന് തീരുമാനിക്കുന്നപ്രകാരം മേല്പറഞ്ഞ ഒരു വർഷത്തിനു ശേഷം ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായോ അഥവാ ലൈസൻസിയായോ തുടരുന്നതിന് സംസ്ഥാന സർക്കാരിന് വൈദ്യുതി ബോർഡിനെ അനുവദിക്കാവുന്നതാണ്. 131-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന് ഒരു ട്രാൻസ്ഫർ സ്കീം പ്രകാരം ബോർഡിന്റെ വസ്തു വകകളും അതിൻമേലുള്ള അവകാശങ്ങളും ബാദ്ധ്യതകളും ഗവൺമെന്റിൽ നിക്ഷിപ്തമാക്കാവുന്നതും അങ്ങനെ നിക്ഷിപ്തമാക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും ഒരു സർക്കാർ കംപനിയിലേക്കോ ഒരു കംപനിയിലേക്കോ കംപനികളിലേക്കോ ട്രാൻസ്ഫർ സ്കീമിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം കൈമാറാവുന്നതാണ്.

(സി) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അധികാരങ്ങൾ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 86-ൽ വിവരിക്കുന്നുണ്ട്. ഇതനുസരിച്ചുള്ള പ്രധാന അധികാരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

(ഡി) വൈദ്യുതി ഉൽപാദന മേഖലയിൽ ലൈസൻസ് ആവശ്യമില്ലാത്തതിനാൽ സ്വകാര്യ മേഖലക്ക് സ്വതന്ത്രമായി ഉല്പാദനമേഖലയിൽ കടന്നുവരാം. എന്നാൽ വൈദ്യുതി പ്രസരണ വിതരണ മേഖലകളിൽ ലൈസൻസ് ആവശ്യമുള്ളതിനാൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തോടുകൂടി മാത്രമേ അവർക്ക് ഈ രംഗത്ത് കടന്നുവരാൻ സാധിക്കുകയുള്ളു.

(ഇ) കൺസൽട്ടൻസിയെ നിയമിക്കുന്നതിനെപ്പറ്റി തീരുമാനമായിട്ടില്ല.

**ആദിവാസി പുനരധിവാസമിഷൻ**

683 ശ്രീ. പി.നാരായണൻ :
ശ്രീ. എൻ.രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആദിവാസി പുനരധിവാസമിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഈ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ ഇതുവരെയുള്ള പ്രവർത്തനം മൂലം ആദിവാസികൾക്ക് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

**ഉത്തരം**

**ഡോ.എം.എ.കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി):**

(എ) ഉണ്ട്. 9.11.2001 - ലെ ജി.ഒ.(പി) നം. 63/2001/പജപവവിവ പ്രകാരമാണ് ആദിവാസി പുനരധിവാസി വികസന മിഷൻ രൂപീകരിച്ചത്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് 5 ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുക, അവരെ പുനരധിവസിപ്പിക്കുക, അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക ഇവയാണ് മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ.

(സി) ഉണ്ട് . ഇതുവരെ 1429 കുടുംബങ്ങൾക്കായി 2255.58 ഏക്കർ ഭൂമി വിതരണം ചെയ്യുകയും ഇവിടത്തെ വികസന പ്രവർത്തനങ്ങൾക്കായി 5,82,13,563 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 7581.45 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആറളം ഫാം കേന്ദ്ര ഗവൺമെന്റിൽനിന്ന് വിട്ടുകിട്ടിയാൽ പകുതി ഭാഗം (3806 ഏക്കർ ) ആദിവാസികൾക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 12196 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടന്നുവരുന്നുണ്ട്. കൂടാതെ വിതരണം ചെയ്യാൻ

കണ്ടെത്താവുന്ന പരമാവധി ഭൂമി കണ്ടെത്തുന്നതിന് ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു.

**വിനോദ സഞ്ചാര വികസനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ**

684 ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വികസനത്തിനു വേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വിനോദ സഞ്ചാര വികസനത്തിനായി ഏതെല്ലാം സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് പ്രവർത്തന ഗ്രാന്റോ മറ്റ് സാമ്പത്തിക സഹായങ്ങളോ നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ടൂറിസം വികസന മേഖലയ്ക്ക് ഉതകുന്ന പ്രോജക്ടുകൾ ഇത്തരം സംഘടനകൾ വഴി നടത്തുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**പ്രൊഫ.കെ.വി.തോമസ് (ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഹയർ സെക്കൻറി സ്കൂൾ/കോളേജ്തലത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി ക്ലബ്ബൊന്നിന് പ്രതിവർഷം 2500/ രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ടൂറിസം രംഗവുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് മേളകളും, ആഘോഷങ്ങളും സംഘടിപ്പിക്കുന്നതിന് വകുപ്പ് സ്പോൺസർഷിപ്പ് ഇനത്തിൽ ധനസഹായം നൽകുന്നുണ്ട്.

(ബി) ഉണ്ട് സ്കൂൾ/കോളേജ്തലത്തിൽ ടൂറിസം ക്ലബ്ബുകളാണ് ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്. റസിഡൻസ് അസോസിയേഷനുകൾ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധസംഘടനകൾ എന്നിവയുടേയും സേവനം ഉപയോഗിക്കാൻ ശ്രമിക്കുന്നുണ്ട്.

(സി) ഉണ്ട്

(ഡി) ടൂറിസം ബോധവല്ക്കരണ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശമുണ്ട്. സന്നദ്ധസംഘടനകൾ വഴി പ്രോജക്ടുകൾ നടപ്പിലാക്കാനും ഉദ്ദേശമുണ്ട്.

**ഭൂമി വാങ്ങാനും വീട് വെയ്ക്കാനും ഉള്ള പ്രത്യേക ഘടകപദ്ധതിയുടെ നടപടിക്രമങ്ങൾ**

685 ശ്രീ. വി.കെ.ചന്ദ്രൻ :
ശ്രീ. കെ.കെ.ജ.ചന്ദ്രൻ :
ശ്രീ. പി.ജയരാജൻ :
ശ്രീ. കെ.വി.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങാനും വീട് വെയ്ക്കാനും ഉള്ള പ്രത്യേക ഘടകപദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാനും പദ്ധതി വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മുൻ സാമ്പത്തിക വർഷാവസാനം ഈ പദ്ധതിയിൻ കീഴിൽ ട്രഷറികളിൽ നിന്നും പിൻവലിച്ച എന്തു തുക വീതം ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രത്യേക ഘടക പദ്ധതി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ സർക്കാർ നേരിട്ട് നടപ്പിൽ വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**പ്രൊ.കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ) :-**

(എ) ഇല്ല.

(ബി) ട്രഷറിയിൽനിന്നും പിൻവലിച്ച തുക ഇനിയും ചെലവഴിക്കാനില്ല.

(സി) സർക്കാർ തീരുമാന പ്രകാരം പ്രത്യേക ഘടകപദ്ധതി തുകയുടെ 1/3 ഭാഗം പട്ടികജാതി വികസന വകുപ്പും 2/3 ഭാഗം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും ആണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

**ഓപ്പറേഷൻ ശക്തി എന്ന പേരിൽ നടത്തിയ മിന്നൽപരിശോധന**

686 ശ്രീ. കെ.മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ശക്തി എന്ന പേരിൽ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് വിഭാഗം ഒരു മിന്നൽപരിശോധന നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നറിയിക്കുമോ ;

(സി) ഈ പരിശോധനയെത്തുടർന്ന് എന്തെല്ലാം ഔദ്യോഗിക നടപടികൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ടെത്തിയ ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ ;

(ഇ) കെ.എസ്.ഇ.ബിയുടെ എല്ലാ ഓഫീസുകളിലും കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി )** :

(എ) നടത്തുകയുണ്ടായി.

(ബി) കോട്ടയം, ആലപ്പുഴ, ഇടുക്കി, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടന്ന പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. അനധികൃതമായി കണക്റ്റഡ് ലോഡ് വർദ്ധിപ്പിക്കുക.
2. അനധികൃതമായി മീറ്റർ മാറ്റി സ്ഥാപിക്കുക.
3. സർവീസസ് കണക്ഷൻ രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കാതിരിക്കുക.
4. സെക്ഷൻ ഓഫീസിലെ സാധന സാമഗ്രികളുടെ കണക്ക് കൃത്യമായി സൂക്ഷിക്കാതിരിക്കുക.
5. പരാതികൾ പരഹരിക്കാതിരിക്കുക.
6. ഡിസ്കണക്ഷൻ/റീകണക്ഷൻ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുക.
7. കൃഷിയാവശ്യങ്ങൾക്കുള്ള വൈദ്യുതി അനധികൃതമായി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുക.
8. ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമായിരുന്നിട്ടും കേടായ മീറ്ററുകൾ മാറ്റി വയ്ക്കാതിരിക്കുക.
9. ഡിമാന്റ് കളക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരിക്കുക.
10. കൃഷിയാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷന്റെ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാതിരിക്കുക.
11. ഡിസ്കണക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം യതാർത്ഥത്തിൽ സർവീസ് ഡിസ്കണക്ട് ചെയ്യാതിരിക്കുക.
12. അനധികൃതമായി വൈദ്യുതി കണക്ഷൻ നൽകുക.
13. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുക.
14. കാഷ്യറുടെ രസീതുബുക്കുകൾ സാക്ഷ്യപ്പെടുത്താതിരിക്കുക, രസീതുബുക്കുകളുടെ സ്റ്റോക്ക് സൂക്ഷിക്കാതിരിക്കുക, ഡെയ്‌ലി ഡിമാൻഡ് (എസ്.ഒ.പി.–16) സാക്ഷ്യപ്പെടുത്താതിരിക്കുക, പ്രൊവിഷനൽ ഇൻവോയ്സ് ബുക്കുകളുടെ കണക്ക് സൂക്ഷിക്കാതിരിക്കുക, ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ സാക്ഷ്യപ്പെടുത്താതിരിക്കുക.

(സി) യും (ഡി) യും : ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ ചീഫ് എൻജിനിയർമാർ, ഡെപ്യൂട്ടി ചീഫ് എൻജിനിയർമാർ, എക്സിക്യൂട്ടീവ് എൻജിനിയർമാർ, എന്നിവർക്ക് സെക്ഷൻ ഓഫീസുകൾ പരിശോധിക്കുവാനും ക്രമക്കേടുകൾ പരിഹരിക്കാനും, ക്രമക്കേടുകൾ കണ്ടെത്തി ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എല്ലാ ഉദ്യോഗസ്ഥന്മാർക്കും എതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി.യുടെ എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ തന്നെ സുതാര്യമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.